പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ: 1231

12.03.2015 – ൽ മറുപടിയ്ക്ക്

കയർ മേഖലയിലെ തൊഴിൽ ദിനങ്ങൾ

| ചോദ്യം<br>ഡോ.ടി.എം.തോമസ് ഐസക് | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി |
|---|---|
| എ) സംസ്ഥാനത്ത് കയർ മേഖലയിൽ തൊഴിലെടുത്ത് ജീവിക്കുന്നവർ എത്ര യാണെന്ന് വെളിപ്പെടുത്തുമോ; | (എ) സഹകരണ മേഖലയിൽ ഏകദേശം 90,000 ത്തോളം പേർക്ക് തൊഴിൽ ലഭിക്കുന്നുണ്ട്. സ്വകാര്യ മേഖലയുടെ കണക്ക് ലഭ്യമല്ല. |
| ബി) കയർമേഖലയ്ക്കു വേണ്ടി തന്നാണ്ടിൽ ബജറ്റിൽ വകയിരുത്തിയ മൊത്തം തുക എത്ര; ഇതിനകം ചെലവഴിക്കപ്പെട്ടത് എത്ര; | ബി) തന്നാണ്ടിൽ കേന്ദ്ര വിഹിതം ഉൾപ്പെടെ ബജറ്റിൽ 1,21,93,90,000/- രൂപ വകയിരുത്തിയിട്ടുണ്ട്. 2015 ഫെബ്രുവരി 28 വരെ 49,18,43,970/- രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്. |
| (സി) തന്നാണ്ടിൽ എത്ര ദിവസം തൊഴിൽ ലഭ്യമാക്കുവാൻ സാധിച്ചിട്ടുണ്ട്; | (സി) സഹകരണ മേഖലയിൽ തന്നാണ്ടിൽ ശരാശരി 155 ദിവസം തൊഴിൽ ലഭ്യമാക്കുവാൻ സാധിച്ചിട്ടുണ്ട്. സ്വകാര്യ മേഖലയിലെ കൃത്യമായ കണക്ക് ലഭ്യമല്ല. |
| ഡി) കഴിഞ്ഞ മൂന്നു വർഷങ്ങളിൽ ഓരോ വർഷവും കയർത്തൊഴിലാളികൾക്ക് നൽകുവാൻ കഴിഞ്ഞ തൊഴിൽ ദിനങ്ങളെ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ; | ഡി) കഴിഞ്ഞ 3 വർഷങ്ങളിൽ സഹകരണ മേഖലയിൽ ഓരോവർഷവും കയർ തൊഴിലാളികൾക്ക് നൽകുവാൻ കഴിഞ്ഞ ശരാശരി തൊഴിൽ ദിനങ്ങൾ താഴെ ചേർക്കുന്നു.<br><br>2011 – 12 – 162<br>2012 – 13 – 181<br>2013 – 14 – 182 |

സെക്ഷൻ ഓഫീസർ